deepika.com
The Largest Read Malayalam Internet Daily

# ജെയ്ൻ വാഴ്സിറ്റിയിൽ ഏവിയേഷൻ എംബിഎ കോഴ്സ് ആരംഭിച്ചു

**ബംഗളൂരു:** ബംഗളൂരു ജെയിൻ സർവകലാശാലയിൽ എംബിഎ ഇൻ ഏവിയേഷൻ ബിസിനസ് മാനേജ്മെന്റ് കോഴ്സ് ആരംഭിച്ചു. ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എയ്റോസ്പേസ് എൻജിനിയറിംഗ് ആൻഡ് മാനേജ്മെന്റിന്റെ (ഐഐഎഇഎം) പങ്കാളിത്തത്തോടെയാണു കോഴ്സ്. ഇന്ത്യയിലെ പ്രമുഖ വിമാനത്താവളങ്ങളുടെയും വിമാന കമ്പനികളുടെയും വിമാനത്താവള സേവനദാതാക്കളുടെയും സഹകരണം ലഭ്യമാക്കിയിട്ടുണ്ടെന്നു സർവകലാശാല അറിയിച്ചു. എയർപോർട്ട് അഥോറിറ്റി ഓഫ് ഇന്ത്യ, ബംഗളൂരു അന്താരാഷ്ട്ര വിമാനത്താവളം, ജിഎംആർ എയർപോർട്ട്സ്, എയർ ഇന്ത്യ, ജെറ്റ് എയർവേയ്സ് എന്നിവിടങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരാണു കോഴ്സിന്റെ പാഠ്യപദ്ധതി ക്രോഡീകരിച്ചിരിക്കുന്നത്.

അയാട്ട, ഐസിഎഒ, ഡിജിസിഎ എന്നിവയുടെ അക്രഡിറ്റേഷൻ സ്വന്തമാക്കി ഒരു റീജണൽ സെന്റർ എന്ന നിലയിൽ എത്താനുള്ള നടപടിക്രമം നടന്നുവരികയാണെന്നു സർവകലാശാല അധികൃതർ അറിയിച്ചു. 9880616000, 9036837557